"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചുരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ്‌കോടതിയിൽ 05.12.2023-ൽ നടന്ന ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ എൽ.എ.ആർ. 445/10 നമ്പർ കേസിന്മേലുള്ള തുക അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ.) വകുപ്പ്**

G.O.(Rt)No.977/2024/LSGD തീയതി,തിരുവനന്തപുരം, 05-06-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം. 32/2019/ധന തീയതി 18.03.2019
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 11.01.2024 DCTVM/228/2024-K9 നമ്പർ കത്ത്
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23.02.2024 തീയതിയിലെ എ3/2642/2010/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതിയിൽ 05/12/2023 തീയതിയിൽ നടന്ന അദാലത്തിൽ പരിഗണിക്കുകയും ഒത്തുതീർപ്പാക്കുകയും ചെയ്തിട്ടുള്ള എൽ.എ.ആർ. 445/10 നമ്പർ കേസിന്മേലുള്ള തുക അടിയന്തരമായി കക്ഷിക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചുരക്കാട്ട് പാളയം റോഡ് വികസനത്തിനായി തിരുവനന്തപുരം ജില്ലയിലെ തൈക്കാട് വില്ലേജിൽ സർവ്വെ നമ്പർ 2352 (LA Re. Sy. No. 2352/2)-ൽ ഉൾപ്പെട്ടതും ശ്രീ. രാമയ്യൻ ചെട്ടിയാരുടെ (S/o Bhagavathy Appen Chettiyar, T.C. No. 38/246, Chenthitta, Chalai P.O. Thycaud Village, Thiruvananthapuram) ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.58 ആർസ് ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 445/10 നമ്പർ കേസിൽ 05.12.2023-ൽ തിരുവനന്തപുരം സബ്‌കോടതിയിൽ നടന്ന ലോക് അദാലത്ത് വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഒത്തുതീർപ്പാക്കിയ തുകയായ 1,30,56,178/- രൂപയ്ക്ക് (ഒരു കോടി മുപ്പത് ലക്ഷത്തി അമ്പത്തിയാറായിരത്തി ഒരുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) അടിയന്തരമായി ശ്രീ രാമയ്യന് '4217-600-800-93-Payment of Compensation in LAR cases'

എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GEETHA LEKSHMI M B
ADDITIONAL SECRETARY

സെക്രട്ടറി. തിരുവനന്തപുരം വികസന അതോറിറ്റി
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തിരുവനന്തപുരം
ശ്രീ. രാമയ്യൻ, S/o Bhagavathy Appen Chettiyar, T.C. No. 38/246, Chenthitta, Chalai P.O., Thiruvananthapuram (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ആർ.ഇ1/143/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
സെക്ഷൻ ഓഫീസർ
Date: 06-06-2024 13:49:26